LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് നിർമ്മാണം

355 (1440) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എസ്റ്റിമേറ്റ് തുകയും അനുവദിച്ച തുകയും വിശദമാക്കുമോ ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(സി) ബൈപ്പാസ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. കരാറുകാരനുമായി ഉടമ്പടി ഒപ്പുവയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭരണാനുമതി തുക - 200 ലക്ഷം രൂപ, സാങ്കേതികാനുമതി തുക - 230 ലക്ഷം രൂപ.

(ബി&സി) നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സങ്ങളൊന്നും നിലവിലില്ല. കരാറുകാരനുമായി ഉടമ്പടി ഒപ്പുവച്ചാൽ ഉടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

356 (1441) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഒറ്റത്തവണ വ്യവസ്ഥയിൽ കോഴിക്കോട് ജില്ലയിലെ ഓരോ പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കീഴിലും എത്ര വീതം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കീഴിലും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2014-15 വർഷത്തിൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതിയൊന്നും നൽകിയിട്ടില്ല.